# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4774      14.11.2019 -ൽ മറുപടിക്ക്**

**ചാലക്കുടി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി : | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| പൊതുമരാമത്ത് വകുപ്പ് കിഫ്ബി ഫണ്ടുപയോഗിച്ച് ചാലക്കുടി മണ്ഡലത്തിൽ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്നും അവ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ? | പൊതുമരാമത്ത് വകുപ്പ് കിഫ്ബി ഫണ്ടുപയോഗിച്ച് ചാലക്കുടി മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു.<br>കേരള റോഡ് ഫണ്ട് ബോർഡ്<br>1. കിഫ്ബി 2016-17 ചാലക്കുടി-ആനമല റോഡ് - 27.96 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ റോഡിന്റെ വീതിയെ സംബന്ധിച്ച് കിഫ്ബിയിൽ നിന്നുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഈ എസ്റ്റിമേറ്റിൽ തിരുത്തലുകൾ വരുത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.<br>2. മലയോര ഹൈവേ വികസനം - വെള്ളിക്കുളങ്ങര മുതൽ വെറ്റിലപ്പാറ വരെയുള്ള പ്രവൃത്തിക്ക് 80.57 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. 12 മീറ്റർ വീതിയിൽ അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് ഭൂമി ലഭ്യമാക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു.<br>3. കിഫ്ബി 2017-18 പൂവത്തിങ്കൽ വേളൂക്കര റോഡ് - സാമ്പത്തികാനുമതി ലഭിക്കുന്നതിനായി ഡിപിആർ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |

4. കിഫ്ബി 2017-18 മുരിങ്ങൂർ ഏഴാറ്റുമുഖം റോഡ് - 31.23 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5. ചാലക്കുടി മോതിരക്കണ്ണി റോഡ് - സാമ്പത്തികാനുമതി ലഭിക്കുന്നതിനായി ഡിപിആർ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

6. കിഫ്ബി 2017-18 ആറങ്ങാലിക്കടവ് പാലം - സാമ്പത്തികാനുമതി ലഭിക്കുന്നതിനായി ഡിപിആർ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

7. കിഫ്ബി 2017-18 പാറക്കുട്ടം പാലം - സാമ്പത്തികാനുമതി ലഭിക്കുന്നതിനായി ഡിപിആർ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

8. കിഫ്ബി 2016-17 കാഞ്ഞിരപ്പള്ളി കുന്നപ്പള്ളിക്കടവ് പാലം - ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി. ഡിപിആർ തയ്യാറാക്കി വരുന്നു.

ആർ.ബി.ഡി.സി.കെ

1. ചിറങ്ങര ആർ.ഒ.ബി.

ചിറങ്ങര റെയിൽവേ മേൽപ്പാലത്തിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും 19.96 കോടി രൂപയുടെ കിഫ്ബി അംഗീകാരം 27.07.2017 ന് ലഭിക്കുകയും ചെയ്തു. തുടർന്ന് പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് ഡിസ്ട്രിക്ട് കളക്ടർക്ക് അർത്ഥനാപത്രം സമർപ്പിക്കുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നടപടിയുടെ അന്തിമ ഘട്ടമായ 11(1) വിജ്ഞാപനം 04.09.19 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

Hemalatha

**സെക്ഷൻ ഓഫീസർ**